റഫ് നമ്പർ : DCKNR/10571/2019-C6

കണ്ണൂർ ജില്ലാ കളക്ടറുടെ 16/10/2020 തീയ്യതിയിലെ നടപടിക്രമം
(സാന്നിദ്ധ്യം– സുഭാഷ് ടി വി ഐ എ എസ്)

വിഷയം:- RFCT LARR Act 2013 പ്രകാരം മുഴപ്പിലങ്ങാട് കെ.ടി.ഡി.സി ബീച്ച് റിസോർട്ട് കോൺഫറൻസ് ഹാളിനും മറ്റ അനുബന്ധ സൗകര്യങ്ങൾക്കുമായി 2.86 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിന് - സാമൂഹ്യ പ്രത്യാഘാതപഠന റിപ്പോർട്ട് , എക്സ്പേർട്ട് ഗ്രൂപ്പ് ശുപാർശ എന്നിവ പരിശോധിച്ച് ഭൂമി ഏറ്റെടുക്കലുമായി മുന്നോട്ട് പോകാവുന്നതാണെന്ന് സമുചിത സർക്കാർ തീരുമാനം പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

സൂചന:- 1)മാനേജിംഗ് ഡയറക്ടർ KTDC യുടെ 05.07.2019 ലെ അർത്ഥനാപത്രം
2) റവന്യൂ (ബി) വകുപ്പിന്റെ 30/08/2019 ലെ GO(P) No. 376/2016/RD നമ്പർ ഉത്തരവ്
3) റവന്യൂ (ബി) വകുപ്പിന്റെ 29/06/2016 ലെ GO(P) No 377/2016/RD ഉത്തരവ്
4))ചെയർമാൻ, വിജിൽ, (സാമൂഹ്യാഘാത പഠന യൂനിറ്റ്)മട്ടന്നൂരിന്റെ സാമൂഹ്യപ്രത്യാഘാത പഠന റിപ്പോർട്ട്.
5) ചെയർമാൻ, വിദഗ്ദ്ധസമിതിയുടെ 25/09/2020 ലെ റിപ്പോർട്ട്.

*********************

മുഴപ്പിലങ്ങാട് വില്ലേജിൽ KTDC ബീച്ച് റിസോർട്ട് കോൺഫറൻസ് ഹാളും മറ്റ അനുബന്ധ സൌകര്യങ്ങളും നിർമ്മിക്കുന്നതിന് RFCTLARR Act 2013 പ്രകാരം മുഴപ്പിലങ്ങാട് അംശം ദേശത്ത് റി. സ നമ്പർ 152/1, 152/2, 152/3, 152/4 എന്നിവയിൽ ഉൾപ്പെട്ട ആകെ 2.86 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിന് അർത്ഥനാധികാരിയായ മാനേജിംഗ് ഡയരക്ടർ, കേരള ടൂറിസം ഡെവലപ്പമെന്റ് കോർപ്പറേഷൻ സൂചന (1) പ്രകാരം അർത്ഥന സമർപ്പിച്ചിരുന്നു.

200 ആർ വരെ ഭൂമി ഏറ്റെടുക്കേണ്ട സാഹചര്യത്തിൽ അതാത് ജില്ലാകലക്ടറെ സമുചിത സർക്കാറായി സൂചന (2)സർക്കാർ ഉത്തരവ് പ്രകാരം പ്രഖ്യാപിച്ചിട്ടുള്ളതിനാൽ ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച് ബാധിക്കപ്പെട്ട പ്രദേശത്ത് സാമൂഹ്യ പ്രത്യാഘാത പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് വിജിൽ, മട്ടന്നൂർ എന്ന ഏജൻസിയെ ചുമതലപ്പെടുത്തുകയും , സൂചന (4) പ്രകാരം ഏജൻസിയുടെ ചെയർമാൻ പഠന റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

RFCT LARR Act 2013 ലെ വകുപ്പ് 7(1) പ്രകാരം സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് വിലയിരുത്തുന്നതിനായി സൂചന (3) സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിദഗ്ദ്ധ സമിതി , രൂപീകരിച്ചിരുന്നു വിദഗ്ദ്ധ സമിതി സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് വിലയിരുത്തി സൂചന (5) പ്രകാരം ശുപാർശ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. മുഴപ്പിലങ്ങാട് അംശം ദേശത്ത് 152/1, 152/2, 152/3, 152/4 റി. സ നമ്പറുകളിൽപ്പെട്ട 2.86 ഏക്കർ സ്ഥലം ഏറ്റെടുപ്പ് വിനോദ സഞ്ചാര മേഖലയിൽ വികസനത്തിനുതകുന്നതും അടിസ്ഥാനസൗകര്യ വികസനത്തിൽ നിർണ്ണായക പങ്ക് വഹിക്കുന്നതുമാണ്. പൊതു ആവശ്യത്തിനായുള്ള പ്രസ്തുത പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുമ്പോൾ വീട് നഷ്ടപ്പെടുന്ന കുടുംബത്തിന് നിയമപ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കേണ്ടതാണെന്നും പദ്ധതിക്കായി കുറഞ്ഞ അളവിലുള്ള ഭൂമി മാത്രമാണ് ഏറ്റെടുക്കുന്നതെന്നും ഭൂമി ഏറ്റെടുക്കുമ്പോഴുള്ള സാമൂഹ്യപ്രത്യാഘാതം പദ്ധതിയുടെ ഗുണങ്ങളേക്കാൾ വളരെ കുറവാണെന്നും വിദഗ്ധ സമിതി റിപ്പോർട്ട് ചെയ്തിട്ടുണ്ട് . ആയതിനാൽ ഭൂമി ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകാവുന്നതാണെന്ന് വിദഗ്ധ സമിതി ശുപാർശ ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, മുഴപ്പിലങ്ങാട് അംശം ദേശത്ത് 152/1, 152/2, 152/3, 152/4

റി. സ നമ്പറുകളിൽപ്പെട്ട 2.86 ഏക്കർ ഭൂമി KTDC ബീച്ച് റിസോർട്ട് കോൺഫറൻസ് ഹാളും മറ്റു അനുബന്ധ സൌകര്യങ്ങളും നിർമ്മിക്കുന്നതിന് RFCT LARR Act ലെ വകുപ്പുകൾക്കും ചട്ടങ്ങൾക്കും വിധേയമായി ഏറ്റെടുക്കുന്നതിനായി സമുചിത സർക്കാർ എന്ന നിലയിൽ ഇതിനാൽ ഉത്തരവാകുന്നു.

കണ്ണൂർ ജില്ലാ കളക്ടർ

പകർപ്പ്:

1. സബ് കലക്ടർ, തളിപ്പറമ്പ
2. തഹസിൽദാർ, കണ്ണൂർ
3. സ്പെഷൽ തഹസിൽദാർ, (എൽ.എ – ജനറൽ), തലശ്ശേരി
4. വില്ലേജ് ഓഫീസർ, മുഴപ്പിലങ്ങാട്
5. സെക്രട്ടറി, മുഴപ്പിലങ്ങാട് ഗ്രാമ പഞ്ചായത്ത്